ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 23.01.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) **76-ാമത് റിപ്പബ്ലിക് ദിന ആഘോഷങ്ങൾക്ക് ഒരുങ്ങി രാജ്യം. ഫുൾ ഡ്രസ്സ് റിഹേഴ്സൽ ഇന്ന് ന്യൂഡൽഹിയിലെ കർത്തവ്യപഥിൽ.**

**Nation gears up for 76th Republic Day celebrations. Full dress rehearsal will be held today at Karthavyapath, New Delhi.**

2) **2030-ഓടെ ഇന്ത്യയുടെ മൊത്ത ആഭ്യന്തര വരുമാനത്തിന്റെ അഞ്ചിലൊന്നും ഡിജിറ്റൽ സമ്പദ് വ്യവസ്ഥയുടെ സംഭാവന ആയിരിക്കുമെന്ന് കേന്ദ്ര സർക്കാർ റിപ്പോർട്ട്.**

**As per Government of India reports, by 2030 One-fifth of India's gross domestic income will be the contribution of digital economy.**

3) **ദാവോസിൽ നടക്കുന്ന ലോക സാമ്പത്തിക ഫോറത്തിൽ നിക്ഷേപ സാധ്യതകൾ ലക്ഷ്യമിട്ട് കേരളം ഉൾപ്പെടെ എട്ട് സംസ്ഥാനങ്ങൾ. മഹാരാഷ്ട്ര സർക്കാർ 15 ലക്ഷം കോടിയിലധികം രൂപയുടെ 54 ധാരണാപത്രങ്ങളിൽ ഒപ്പുവച്ചു.**

**Eight states including Kerala targeting investment opportunities at the World Economic Forum in Davos. The Maharashtra government has signed 54 MoUs worth over Rs 15 lakh crore.**

4) **മഹാരാഷ്ട്രയിലെ ജൽഗാവ് ജില്ലയിൽ പരന്ത റെയിൽവേ സ്റ്റേഷന് സമീപം ട്രെയിൻ അപകടത്തിൽ 12 പേർ മരിച്ചു. 14 പേർക്ക് പരിക്ക്.**

**12 people died and 14 injured in a train accident near Parantha railway station in Maharashtra's Jalgaon district.**

**5) നേതാജി സുഭാഷ് ചന്ദ്രബോസിന്റെ 128-ാം ജന്മവാർഷിക ദിനത്തോടനുബന്ധിച്ച് രാജ്യം ഇന്ന് പരാക്രം ദിവസ് ആഘോഷിക്കുന്നു.**

**Nation celebrates Parakram Divas today to owner the 128th birth anniversary of Netaji Subhas Chandra Bose.**

**6) ഇന്ത്യ-ഇംഗ്ലണ്ട് ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യയ്ക്ക് വിജയം.**

**In India-England Twenty-20 cricket series, India wins the first match against England.**

**=============================================**

## WORLD ECONOMIC FORUM

ദാവോസിൽ നടക്കുന്ന ലോക സാമ്പത്തിക ഫോറത്തിന്റെ വാർഷികയോഗത്തിൽ പങ്കെടുക്കാനെത്തിയ കേന്ദ്ര റെയിൽ മന്ത്രി അശ്വിനി വൈഷ്ണവ് സ്വിസ് റെയിൽവേ പ്രതിനിധികളുമായി ചർച്ച നടത്തി. റെയിൽവേയുടെ പ്രവർത്തന കാര്യക്ഷമതയും സുരക്ഷയും വർദ്ധിപ്പിക്കാൻ ഉതകുന്ന അത്യാധുനിക സാങ്കേതികവിദ്യകൾ ചർച്ചയായി. ലോകോത്തര ഉത്പാദന രീതികളും നൂതന എഞ്ചിനീയറിംഗ് സാങ്കേതികവിദ്യകളും ആഭ്യന്തര റെയിൽ ഉൽപാദനത്തിൽ പ്രയോജനപ്പെടുത്താനുള്ള സാധ്യതകളും മന്ത്രി ആരാഞ്ഞു.

**=============================================**

## MAHARASHTRA – MoU

ലോക സാമ്പത്തിക ഫോറത്തിൽ മഹാരാഷ്ട്ര സർക്കാർ **15.70 ലക്ഷം കോടി** രൂപയുടെ 54 ധാരണാപത്രങ്ങളിൽ ഒപ്പുവച്ചു. കരാറുകൾ വിവിധ മേഖലകളിലായി ഏകദേശം 16 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നാണ് പ്രതീക്ഷയെന്ന് മഹാരാഷ്ട്ര മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചു. വിദർഭ മേഖലയുടെ വികസനത്തിലൂന്നി ആരംഭിക്കാനിരിക്കുന്ന ലിഥിയം ബാറ്ററിനിർമ്മാണ പദ്ധതി പ്രത്യക്ഷവും പരോക്ഷവുമായ 8,760 തൊഴിലവസരങ്ങൾ സൃഷ്ടിക്കും. കേരളം, തെലങ്കാന, ഉത്തർപ്രദേശ്, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, തമിഴ്നാട്, കർണാടക, പശ്ചിമ ബംഗാൾ എന്നീ എട്ട്

സംസ്ഥാനങ്ങൾക്ക് ഈ വർഷത്തെ ഫോറത്തിൽ സാന്നിധ്യമുണ്ട്. അഞ്ച് കേന്ദ്രമന്ത്രിമാരും മൂന്ന് മുഖ്യമന്ത്രിമാരും 100-ലധികം സിഇഒമാരും ഇന്ത്യൻ സംഘത്തിൽ ഉൾപ്പെടുന്നു.

==================================================

## P RAJEEV DAVOS

സോളാർ പിവി മൊഡ്യൂൾ നിർമ്മാണമേഖലയിൽ ഏറ്റവും വലിയ ഇന്ത്യൻ കമ്പനിയായ വാരീ ഗ്രൂപ്പിന്റെ ചെയർമാൻ ഹിതേഷ് ദോഷിയുമായി വ്യവസായ മന്ത്രി പി രാജീവ് ദാവോസിൽ കൂടിക്കാഴ്ച നടത്തി. കേരളത്തിലേക്ക് അദ്ദേഹത്തെ ക്ഷണിച്ച മന്ത്രി ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലേക്കുള്ള ഔപചാരിക ക്ഷണപത്രം കൈമാറി.

==================================================

## REPUBLIC DAY-FULL DRESS – (INTRO)

76-ാമത്  റിപ്പബ്ലിക് ദിനാഘോഷങ്ങൾക്കായി രാജ്യം ഒരുങ്ങുന്നു. പരേഡിന് മുന്നോടിയായുള്ള ഫുൾ ഡ്രസ്സ് റിഹേഴ്സൽ ഇന്ന് ന്യൂഡൽഹിയിലെ കർത്തവ്യപഥിൽ നടക്കും.

രാവിലെ 10:30 ന് വിജയ് ചൗക്കിൽ നിന്ന് ആരംഭിച്ച് ചെങ്കോട്ട വരെയാണ് പരിശീലന പരേഡ്  നടക്കുന്നത്.

**ഒരു റിപ്പോർട്ട്..**

**(VOICE.........)**

രാജ്യത്തിന്റെ സൈനിക ശക്തി വിളിച്ചോതുന്ന  ടി-90 ടാങ്ക്, നാഗ് മിസൈൽ സംവിധാനം തുടങ്ങിയവ പരേഡിൽ അണിനിരക്കും. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള സായുധ സേനകളും  നിശ്ചല ദൃശ്യങ്ങളും ഇന്ത്യൻ വ്യോമസേനയുടെ പ്രകടനവും  ഉണ്ടാകും. **'സശക്ത് ഓർ സുരക്ഷിത് ഭാരത്'** എന്ന പ്രമേയത്തിൽ ഊന്നി മൂന്ന് സൈനിക വിഭാഗങ്ങളും ഒരുക്കുന്ന ടാബ്ലോ ഇത്തവണത്തെ പ്രത്യേകതയാണ്. സുഗമമായ പരേഡ് ഉറപ്പാക്കാൻ, ദേശീയ തലസ്ഥാനത്ത് വിപുലമായ ഗതാഗത ക്രമീകരണങ്ങൾ

ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഡൽഹി മെട്രോ റെയിൽ സർവീസുകൾ ലഭ്യമാണെന്നും ഡൽഹി പോലീസ് അറിയിച്ചു. രാജ്യതലസ്ഥാനത്ത് കനത്ത സുരക്ഷയും ഏർപ്പെടുത്തിയിട്ടുണ്ട്. ന്യൂസ് ഡെസ്ക്, ആകാശവാണി......

========================================================

## DIGITAL GDP

**2030** ഓടെ ഇന്ത്യയുടെ മൊത്ത ആഭ്യന്തര വരുമാനത്തിൻറെ അഞ്ചിലൊന്നും ഡിജിറ്റൽ സമ്പദ് വ്യവസ്ഥ സംഭാവന ചെയ്യുമെന്ന് കേന്ദ്രസർക്കാരിന്റെ റിപ്പോർട്ട്. മൊത്തം സമ്പദ് വ്യവസ്ഥയുടെ രണ്ടിരട്ടി വേഗത്തിൽ ഡിജിറ്റൽ സമ്പദ് വ്യവസ്ഥ വളരുമെന്നും ഇലക്ട്രോണിക്സ്, ഐ.ടി മന്ത്രാലയം ബുധനാഴ്ച പുറത്തിറക്കിയ റിപ്പോർട്ട് വ്യക്തമാക്കുന്നു. 2022-23 ൽ ദേശീയ വരുമാനത്തിന്റെ **11.74** ശതമാനം ഡിജിറ്റൽ സമ്പദ് വ്യവസ്ഥയിൽ നിന്നായിരുന്നു. **2024-25** ൽ ഇത് **13.42** ശതമാനമായി വർദ്ധിക്കുമെന്നാണ് വിലയിരുത്തൽ.

========================================================

## TRAIN - ACCIDENT

മഹാരാഷ്ട്രയിലെ ജൽഗാവ് ജില്ലയിൽ പരന്ത റെയിൽവേ സ്റ്റേഷന് സമീപം കർണാടക എക്സ്പ്രസ് ഇടിച്ച് 12 പേർ മരിച്ചു. 14 പേർക്ക് പരിക്കേറ്റു. പുഷ്പക് എക്സ്പ്രസിലെ യാത്രക്കാർ തീവണ്ടിയുടെ ചക്രങ്ങളിൽ നിന്ന് പുക ഉയർന്നതിനെത്തുടർന്ന് തീപിടുത്തമുണ്ടാകുമെന്ന് ഭയന്ന് രക്ഷപ്പെടാനായി ട്രാക്കിലേക്ക് ചാടിയതാണ് ദുരന്തത്തിന് വഴിയൊരുക്കിയത്. അപകടത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു പ്രധാനമന്ത്രി നരേന്ദ്രമോദി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ മഹാരഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫട്നാവിസ് തുടങ്ങിയവർ അനുശോചനം രേഖപ്പെടുത്തി. മരിച്ചവരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാർ 5 ലക്ഷം രൂപ വീതം ധനസഹായം പ്രഖ്യാപിച്ചു. പരിക്കേറ്റവരുടെ ചികിത്സാ ചിലവും സർക്കാർ വഹിക്കുമെന്ന് ദേവേന്ദ്ര ഫഡ്നാവിസ് അറിയിച്ചു.

==========================================

## PARAKRAM DIWAS

നേതാജി സുഭാഷ് ചന്ദ്രബോസിന്റെ 128-ാം ജന്മവാർഷിക ദിനത്തോടനുബന്ധിച്ച് ഇന്ന് പരാക്രം ദിവസ് ആഘോഷിക്കും. കേന്ദ്ര സാംസ്കാരിക മന്ത്രാലയമാണ് മൂന്ന് ദിവസത്തെ ആഘോഷങ്ങൾ സംഘടിപ്പിക്കുന്നത്, നേതാജിയുടെ ജന്മസ്ഥലമായ ഒഡീഷയിലെ കട്ടക്കിൽ, മുഖ്യമന്ത്രി മോഹൻ മാഞ്ചി പരിപാടി ഉദ്ഘാടനം ചെയ്യും. ബരാബതിയിലെ കോട്ടയിൽ സംഘടിപ്പിക്കുന്ന പരാക്രം ദിവസ് ആഘോഷം പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വീഡിയോ സന്ദേശത്തോടെ ആയിരിക്കും ആരംഭിക്കുക.

==========================================

## DELHI ASSEMBLY POLLS

ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പിനുള്ള പ്രചാരണം സജീവം. പ്രധാനമന്ത്രിയും മുതിർന്ന ബി ജെ പി നേതാവുമായ നരേന്ദ്ര മോദി ഇന്നലെ ബിജെപി പ്രവർത്തകരുമായി സംവദിച്ചു. ആം ആദ്മി പാർട്ടി സ്ഥാനാർത്ഥികൾക്ക് വേണ്ടി ഡൽഹി മുൻ മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളും പഞ്ചാബ് മുഖ്യമന്ത്രി ഭഗവന്ത് മാനും റാലികളെ അഭിസംബോധന ചെയ്തു. അതിനിടെ ഡൽഹിയിലെ ആശുപത്രികളുമായി ബന്ധപ്പെട്ട പദ്ധതികളിൽ ആം ആദ്മി സർക്കാർ **382** കോടി രൂപയുടെ അഴിമതി നടത്തിയെന്ന ആരോപണവുമായി കോൺഗ്രസ് നേതാവ് അജയ് മാക്കൻ രംഗത്തെത്തി.

==========================================

## GOYAL - GI TAGS

2030-ഓടെ **10,000** ജി.ഐ ടാഗുകൾ എന്ന ലക്ഷ്യത്തിൽ രാജ്യത്തെ എത്തിക്കുമെന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പീയൂഷ് ഗോയൽ. ഈ ലക്ഷ്യം കൈവരിക്കാൻ സർക്കാർ ഒരു സമിതി രൂപീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ന്യൂഡൽഹിയിൽ നടന്ന ജിഐ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. ഇതുവരെയുള്ള ജിഐ ടാഗുകളുടെ എണ്ണം 605 ആണ്. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ജിഐ ടാഗുകളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

=============================================

## WB - RG KAR

ആർജി കർ മെഡിക്കൽ കോളേജ് കേസിൽ പ്രതി സഞ്ജയ് റോയിക്ക് വധശിക്ഷ നൽകണമെന്ന് ആവശ്യപ്പെട്ട് കൊൽക്കത്ത ഹൈക്കോടതിയിൽ സിബിഐ അപ്പീൽ നൽകി. ബലാത്സംഗവും, കൊലപാതകവും തെളിഞ്ഞതായി കൊൽക്കത്ത കോടതി കണ്ടെത്തിയിരുന്നു. ജീവപര്യന്തം തടവാണ് സെഷൻസ് കോടതി പ്രതിയ്ക്ക് വിധിച്ചത്.

=============================================

## ECI

ലോകത്തുടനീളമുള്ള തിരഞ്ഞെടുപ്പ് നടത്തിപ്പിന്റെ ചുമതലയുള്ള സ്ഥാപനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് തിരഞ്ഞെടുപ്പ് കമ്മീഷൻ സംഘടിപ്പിക്കുന്ന രണ്ടു ദിവസത്തെ അന്താരാഷ്ട്ര സമ്മേളനത്തിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കം. രണ്ടു ദിവസത്തെ സമ്മേളനത്തിൽ 13 രാജ്യങ്ങളിൽ നിന്നും മറ്റ് അന്താരാഷ്ട്ര സ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കും. 2024 ൽ 70 ൽ പരം രാജ്യങ്ങളിൽ തിരഞ്ഞെടുപ്പ് നടന്നതിന്റെ കൂടെ പശ്ചാത്തലത്തിലാണ് സമ്മേളനം നടക്കുന്നത്.

=============================================

## ASSEMBLY

ഗവർണ്ണറുടെ നയ പ്രഖ്യാപന പ്രസംഗത്തിന്മേലുള്ള കേരള നിയമസഭയുടെ നന്ദിപ്രമേയ ചർച്ച ഇന്ന് അവസാനിക്കും. സംസ്ഥാനത്ത് വന്യജീവി സംഘർഷം നിയന്ത്രിക്കുന്നതിന് കേന്ദ്ര നിയമത്തിൽ ഭേദഗതി വരുത്തേണ്ടതിന്റെ ആവശ്യകത,

നിലമ്പൂരിലേക്ക് പുതിയ മെട്രോ ലൈൻ തുടങ്ങി വിവിധ വിഷയങ്ങൾ സഭ ഇന്ന് ചർച്ച ചെയ്യും. സമ്മേളനത്തിന്റെ ആദ്യഘട്ടം ഇന്ന് പൂർത്തിയാകുന്നതോടെ 2025-26 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് അവതരണത്തിനായി അടുത്ത മാസം ഏഴിന് സഭ വീണ്ടും ചേരും.

==============================================

## RAJNATH SINGH – (INTRO)

സാംസ്കാരികം, ശാസ്ത്രം, സാഹിത്യം, ആത്മീയം തുടങ്ങി എല്ലാ മേഖലകളിലും മഹത്തായ വ്യക്തിത്വങ്ങളെ സമ്മാനിച്ച നാടാണ് കേരളമെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. സ്വാതന്ത്ര്യ സമരത്തിൽ വലിയ പങ്ക് വഹിക്കാൻ കേരളത്തിലെ ജനതക്ക് സാധിച്ചെന്നും അദ്ദേഹം പറഞ്ഞു. ആറന്മുളയിൽ കവയിത്രി സുഗതകുമാരിയുടെ നവതി ആഘോഷങ്ങളുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി.

**(HOLD BYTE………………)**

പൊതുനന്മയ്ക്കായി ജനങ്ങളെ ഒന്നിപ്പിക്കാനുള്ള കവിതകളുടെ ശക്തി തിരിച്ചറിഞ്ഞ കവയിത്രിയായിരുന്നു സുഗതകുമാരി യെന്നും കേന്ദ്രമന്ത്രി പറഞ്ഞു. മാവേലിക്കരയിൽ വിദ്യാധിരാജ വിദ്യാപീഠം സൈനിക് സ്കൂളിൻറെ ഉദ്ഘാടനവും കേന്ദ്രമന്ത്രി നിർവഹിച്ചു. രണ്ട് ദിവസത്തെ സന്ദർശനത്തിനായി കേരളത്തിലെത്തിയ കേന്ദ്രമന്ത്രി ഇന്ന് രാവിലെ കൊച്ചിയിൽ നിന്നും വാരാണസിയിലേക്ക് മടങ്ങും.

==============================================

## KHELO INDIA

ലഡാക്കിൽ ഖേലോ ഇന്ത്യ വിന്റർ ഗെയിംസോടെ ഈ വർഷത്തെ ഖേലോ ഇന്ത്യ സീസണ് ഇന്ന് തുടക്കമാകും. ലഹോണിലെ നവാംങ് ദോർജെ സ്പോർട്സ് കോംപ്ലക്സിൽ കേന്ദ്രമന്ത്രി മൻസൂഖ് മാണ്ഡവ്യ അഞ്ച് ദിവസത്തെ വിന്റർ ഗെയിംസ് ഉദ്ഘാടനം ചെയ്യും.

==============================================

## CRICKET- INDIA - T20

ഇന്ത്യ-ഇംഗ്ലണ്ട് ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യയ്ക്ക് ഏഴ് വിക്കറ്റ് ജയം. കൊൽക്കത്തയിലെ ഏദൻ ഗാർഡൻസിൽ നടന്ന മത്സരത്തിൽ ആദ്യം ബാറ്റ് ചെയ്ത ഇംഗ്ലണ്ട് 132 റൺസ് നേടി. മറുപടി ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യ 49 ബോൾ അവശേഷിക്കെ ലക്ഷ്യം കണ്ടു. പരമ്പരയിൽ അഞ്ച് മത്സരങ്ങളാണുള്ളത്. അടുത്ത മത്സരം മറ്റന്നാൾ ചെന്നൈയിൽ നടക്കും.

==================================================

## BADMINTON

ഇന്തോനേഷ്യ മാസ്റ്റേഴ്സ് സൂപ്പർ 500 ബാഡ്മിന്റൺ ടൂർണമെന്റിന്റെ, പുരുഷ സിംഗിൾസ് വിഭാഗത്തിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ ഇന്ന് ജപ്പാന്റെ കെന്റ നിഷിമോട്ടോയെ നേരിടും.

==================================================

## LAKSHADWEEP VISIT

രണ്ട് ദിവസത്തെ സന്ദർശനത്തിനായി കേന്ദ്ര ഗ്രാമവികസന, പഞ്ചായത്തി രാജ് പാർലമെന്ററി സമിതി ലക്ഷദ്വീപിലെത്തി. 11 അംഗ സമിതിയാണ് അഗത്തിയിലെത്തിയത്. വിവിധ കേന്ദ്ര പദ്ധതികളുടെ ഗുണഭോക്താക്കളുമായി സമിതി ആശയവിനിമയം നടത്തും. ഗ്രാമവികസന പഞ്ചായത്തി രാജ് മന്ത്രാലയത്തിന്റെ വിവിധ പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യും.

==================================================

## LITERATURE FESTIVAL

കേരള ലിറ്ററേച്ചർ ഫെസ്റ്റിവലിന്റെ എട്ടാം പതിപ്പ് വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ കോഴിക്കോട്ട് ഉദ്ഘാടനം ചെയ്യും. രാവിലെ MT യെ കുറിച്ച് പ്രത്യേക സെഷൻ സംഘടിപ്പിച്ചിട്ടുണ്ട്. 15 രാജ്യങ്ങളിലെ അഞ്ഞൂറിലധികം പ്രഭാഷകർ 26 വരെ നീളുന്ന പരിപാടിയിൽ പങ്കെടുക്കും.

=============================================

## NON-FOSSIL FUEL-ENERGY

രാജ്യത്തിന്റെ ഫോസിൽ ഇതര ഊർജ്ജ ശേഷി 217 ജിഗാവാട്ടിലെത്തി. പുനരുപയോഗ ഊർജ്ജ വളർച്ചയിൽ സൗരോർജ്ജം പ്രധാന സംഭാവന നൽകി. സ്ഥാപിത പുനരുപയോഗ ഊർജ്ജ ശേഷിയുടെ 47 ശതമാനവും സൗരോർജ്ജമാണ്. **പിഎം സൂര്യ ഘർ: മുഫ്ത് ബിജ്‌ലി യോജന** ഈ മുന്നേറ്റത്തിൽ നിർണായക പങ്ക് വഹിച്ചു. 2030 ഓടെ ഫോസിൽ ഇതര ഊർജ്ജ ശേഷി 500 ജിഗാവാട്ടിലെത്തിക്കുകയാണ് രാജ്യത്തിന്റെ ലക്ഷ്യം.

=============================================

## SUSPENDED

ഒരുവിഭാഗം അധ്യാപകരും ജീവനക്കാരും പണിമുടക്കിയ ഇന്നലെ തിരുവനന്തപുരം വട്ടിയൂർക്കാവ് ഗവൺമെന്റ് LP സ്കൂളിന് അനധികൃതമായി അവധി നൽകിയ ഹെഡ്മാസ്റ്ററെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ സസ്പെൻ്റ് ചെയ്തു. AEO സ്കൂളിലെത്തിയപ്പോൾ ഗേറ്റ് പൂട്ടിയിട്ടതായി കണ്ടെത്തിയിരുന്നു.

=============================================

## ELEPHANT

നിലമ്പൂർ വെറ്റിലപ്പാറ ഓടക്കയത്ത് കാട്ടാന കിണറ്റിൽ വീണു. ഓടക്കയം അട്ടറമാക്കൽ സണ്ണിയുടെ കിണറ്റിലാണ് പുലർച്ചെ കാട്ടാന വീണത് - ആനയെ രക്ഷിക്കാൻ ശ്രമം തുടരുന്നു.

=============================================

=============================================

=============================================